ഒരു ആര്യസമാജം പ്രസിദ്ധീകരണം
Date of Publication 10/02/2019

RNI NO. KERMAL /2013/53849
REGISTERED NO. OTTAPALAM/5/2017-19

## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ

1. സത്യാർത്ഥപ്രകാശം (മലയാളം പരിഭാഷ)
   മഹർഷി ദയാനന്ദസരസ്വതി. സമ്പാദകൻ: കെ.എം. രാജൻ - Rs.250.00.
2. സന്ധ്യോപാസനയും അഗ്നിഹോത്രവും
   മഹർഷി ദയാനന്ദസരസ്വതി. സമാഹരണം: കെ.എം. രാജൻ - Rs.60.00
3. വൈദിക ധർമ്മ ആര്യസമാജ പ്രശ്നോത്തരി
   പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി.
   തർജ്ജമ : കെ.എം.രാജൻ - Rs.40.00
4. ആര്യസമാജം എന്ത്? എന്തിന്? - ലത രാജൻ - Rs.10.00
5. സത്യാർത്ഥ പ്രകാശം നൽകുന്ന സന്ദേശം - കെ.എം.രാജൻ - Rs.10.00
6. വൈദിക നിത്യകർമ്മവിധി - കെ.എം.രാജൻ - Rs.20.00
7. വേദാന്തിധ്വാന്ത നിവാരണം - Rs.25.00
   മഹർഷിദയാനന്ദ സരസ്വതി തർജ്ജമ : കെ.എം.രാജൻ
8. ഉപദേശമഞ്ജരി അഥവാ പൂനാ പ്രവചനം - Rs.60.00
   മഹർഷി ദയാനന്ദ സരസ്വതി തർജ്ജമ. കെ.എം.രാജൻ
9. ആര്യോദ്ദേശ്യ രത്നമാല - Rs.25.00
   മഹർഷി ദയാനന്ദ സരസ്വതി തർജ്ജമ. കെ.എം.രാജൻ
10. സംശയനിവാരിണി - Rs.140.00
    ശ്രീ.മദൻ രഹേജ തർജ്ജമ : സുരി
11. വേദ പ്രകാശം പാഠാവലി -കെ.എം.രാജൻ - Rs.40.00
12. മഹർഷി ദയാനന്ദ സരസ്വതി (ജീവചരിത്രം) - Rs.60.00
    കെ.എം.രാജൻ
13. ശത്രുവോ? മിത്രമോ? - കെ.എം.രാജൻ - Rs.35.00
14. ശിവസങ്കല്പം - കെ.എം.രാജൻ - Rs.30.00
15. ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും - Rs.40.00
    കെ.എം.രാജൻ
16. വൈദിക ഈശ്വരൻ - കെ.എം.രാജൻ - Rs.35.00
17. കാലാ പഹാഡ് അഥവാ കാലാചന്ദ് റായ് - Rs.40.00
    കെ.എം.രാജൻ
    (പോസ്റ്റേജ് ചെലവ് പുറമെ)

### അച്ചടിയിലുള്ളവ

1. ദ്രൗപദിയും പഞ്ചപതികളും - അമർസ്വാമി സരസ്വതി
   തർജ്ജമ : കെ.എം.രാജൻ
2. യോഗദർശനം
   (മഹർഷി വ്യാസഭാഷ്യസഹിതം) - സ്വാമി സത്യപതി പരിവ്രാജക്
   തർജ്ജമ. കെ.എം.രാജൻ
3. വേദങ്ങളെ അറിയുക - ഡോ.വിവേക് ആര്യ
   തർജ്ജമ: കെ.എം.രാജൻ
4. അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം - കെ.എം.രാജൻ
5. പുരാണങ്ങൾ സത്യവും മിഥ്യയും - കെ.എം.രാജൻ

*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*

*Email: dayanandasandesam@gmail.com* *Phone: 7907077891, 9562529095*



ओ३म्

# ദയാനന്ദ സന്ദേശം


ആര്യസമാജത്തിന്റെ മുഖപത്രം
**വൈദിക-ദാർശനിക മാസിക**
**DAYANANDA SANDESAM**
ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!




പുസ്തകം : 7 ലക്കം 8

സൃഷ്ടി സംവത്സരം 1972949120 കലിവർഷം 5120 മാഘ - ഫാൽഗുന
1194 മകരം-കുംഭം 2019 ഫെബ്രുവരി

വാർഷിക വരിസംഖ്യ: ₹100/- ദീർഘകാലം: ₹1500/-



## വീർ സവർക്കർ (1883-1966)

### ഭാരത ചരിത്രത്തിൽ ഈ മാസം ഓർക്കേണ്ട പ്രധാന ദിനങ്ങൾ

ഫെബ്രുവരി 2 : സ്വാമി ശ്രദ്ധാനന്ദ് ജയന്തി
ഫെബ്രുവരി 12 : മഹർഷി ദയാനന്ദ സരസ്വതി ജന്മദിനം
ഫെബ്രുവരി 13 : സരോജിനി നായിഡു ജന്മദിനം
ഫെബ്രുവരി 19 : ഗുരുജി ഗോൾവൾക്കർ ജയന്തി
ഫെബ്രുവരി 26 : വീർ സവർക്കർ ജയന്തി
ഫെബ്രുവരി 27 : ചന്ദ്രശേഖർ ആസാദ് രക്തസാക്ഷി ദിനം

*"മാനവരെല്ലാം ആര്യന്മാർ!
വേദജ്ഞാനം ഈശ്വരദത്തം!
സേവനമല്ലോ നമ്മുടെ ധർമ്മം! "*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



**മണ്ഡലം 1** **സൂക്തം 9**

**മധുഛന്ദാ ഋഷിഃ ഇന്ദ്രോദേവതാ നിച്വൃദ്ഗായത്രീ ഛന്ദഃ ഷഡ്ജഃ സ്വരഃ**

**ഇന്ദ്രേഹി മൽസ്യന്ധസോ വിശ്വേഭിഃ സോമപർവ്ഭിഃ।**
**മഹാങ് അഭിഷ്ടിരോജസാ॥ (ഋഗ്വേദം 1.9.1)**

**പദാർത്ഥം:** എപ്രകാരമാണോ(അഭിഷ്ടിഃ) പ്രകാശമാനമായ (മഹാന്) പൃഥിവി തുടങ്ങിയവയേക്കാൾ വളരെ വലുതായ (ഇന്ദ്ര) സൂര്യലോകം അത് (ഓജസാ) ബലത്താൽ (വിശ്വേഭിഃ) എല്ലാറ്റിനേയും (സോമപർവഭിഃ) പദാർത്ഥങ്ങളുടെ പ്രകാശത്താൽ (ഏഹി) പ്രാപിക്കപ്പെടുന്നതും (ഭത്സി) പ്രാണികൾക്ക് ആനന്ദത്തെ നൽകുന്നതും അതേപോലെ (ഇന്ദ്ര) സർവ്വവ്യാപകനായ ഈശ്വരാ! അങ്ങ് (മഹാന്) ഉത്തമങ്ങളിൽ ഉത്തമനും (അഭിഷ്ടിഃ) സർവ്വജ്ഞനും എല്ലാ ജ്ഞാനത്തേയും നൽകുന്നവനും (ഓജസാ) ബലത്താൽ (വിശ്വേഭിഃ സോമപർവ്വഭിഃ) എല്ലാ പദാർത്ഥങ്ങളേയും അംഗങ്ങളോടൊപ്പം വർത്തിച്ച് (ഏഹി) പ്രാപിക്കപ്പെടുന്നതും (അന്ധസഃ) ഭൂമി തുടങ്ങിയ അന്നാദി ഉത്തമ പദാർത്ഥങ്ങളെ നൽകി ഞങ്ങൾക്ക് (ഭത്സി) സുഖത്തെ നൽകിയാലും.

**ഭാവാർത്ഥം:** ഈ മന്ത്രത്തിൽ ശ്ലേഷാലങ്കാരവും ലുപ്തോപമാലങ്കാരവുമാണ്. എങ്ങനെയാണോ ഈശ്വരൻ ഈ ലോകത്തിലെ ഓരോ പരമാണുവിലും വ്യാപിച്ച് എല്ലാവരുടേയും രക്ഷചെയ്യുന്നത്, അതേപോലെ ലോകങ്ങളേക്കാൾ വലുതായ സൂര്യൻ തന്റെ മുന്നിലുള്ള പദാർത്ഥങ്ങളെ ആകർഷണത്താലും പ്രകാശത്താലും നല്ലനിലയിൽ നിലനിർത്തുന്നു.

**(മഹർഷി ദയാനന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന്**
**തർജ്ജമ : കെ.എം.രാജൻ)**

*ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)*
*ഈ ജഗത് മുഴുവനും ഈശ്വരമയമാണ്*





# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## പൊന്നാനി ആര്യസമാജ കേന്ദ്രം പ്രവർത്തനം പുനരാംരംഭിച്ചു

1920 കളിൽ പൊന്നാനി കേന്ദ്രീകരിച്ച് സ്തുത്യർഹമായ സേവനങ്ങൾ നടത്തിയിരുന്ന പൊന്നാനി ആര്യസമാജം ഒമ്പത് ദശാബ്ദങ്ങൾക്ക് ശേഷം വീണ്ടും വേദപ്രചാരണ പ്രവർത്തനം പുനരാരംഭിച്ചു. ഡിസംബർ 25ന് (സ്വാമി ശ്രദ്ധാനന്ദ ബലിദാന ദിനം) കാലത്ത് 10 ന് പൊന്നാനി ദയാനന്ദ വിദ്യാമന്ദിറിൽ വെച്ച് വിശേഷാൽ അഗ്നിഹോത്രത്തിനു ശേഷം ആര്യധ്വജാരോഹണം നടത്തി സ്വാമി ആശുതേഷ്ജി ഈ മഹത്സംരഭത്തിന് തുടക്കം കുറിച്ചു. സ്വാമിജിക്കു പുറമെ സർവ്വശ്രീ ബലേശ്വർ മുനി (ഡൽഹി), കാറൽമണ്ണ വേദഗുരുകുലത്തിലെ ആചാര്യ വാമദേവ് ആര്യ, വെള്ളിനേഴി ആര്യസമാജം കാര്യദർശി കെ.എം.രാജൻ, കെ.കെ.ജയൻ, കെ.വി.ശ്രീധരൻ, സി.പി.മുരളീധരൻ, വി.എൻ. ഹരിദാസ്, പി.അയ്യപ്പൻ, ശ്രീമതിമാർ ശാരദ, അജിത, കാറൽമണ്ണ, വേദഗുരുകുലത്തിലെ ബ്രഹ്മചാരികളായ വിഷ്ണു, കൃഷ്ണദേവ് എന്നിവരും ചടങ്ങിന് നേതൃത്വം നൽകി. ഒരു വേദപഠനക്ലാസ്സും സംസ്കൃതക്ലാസ്സും അവിടെ ഉടൻ തുടങ്ങുവാൻ തീരുമാനിച്ചു.









# ദയാനന്ദസന്ദേശം വരിസംഖ്യ പുതുക്കുക

ദയാനന്ദസന്ദേശത്തിന്റെ വരിസംഖ്യാ കാലാവധി സമാപിച്ചവർ എത്രയും വേഗം അത് പുതുക്കി ഈ വേദപ്രചാരണ യജ്ഞത്തിൽ തുടർന്നും സഹകരിക്കാൻ അഭ്യർത്ഥിക്കുന്നു. വാർഷിക വരിസംഖ്യ 100 രൂപ. ദീർഘകാലം 1500/- രൂപ. വരിസംഖ്യ അയക്കേ **വിലാസം: വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം, ആര്യസമാജം, വെള്ളിനേഴി പി. ഒ., പാലക്കാട് – 679 504**

*ഛിദ്രം വൃണ (യജുർവ്വേദം 12.54)*
*തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും*

(മുൻ ലക്കത്തിന്റെ തുടർച്ച)

ആര്യവീർദളം – ബാലപംക്തി

ആര്യവീരഗാഥ – 2

# അമരബലിദാനി പണ്ഡിറ്റ്ലേഖ്റാം

കെ.എം.രാജൻ



ധർമ്മപ്രചാരണത്തിനും ഹിന്ദുക്കളുടെ രക്ഷക്കുമായി സ്വന്തം ജീവൻ അപായപ്പെടുത്താൻ പോലും ലേഖ്റാം "തയ്യാറായിരുന്നു.

## ഈശ്വരവിശ്വാസം

പണ്ഡിറ്റ് ലേഖ്റാം നിഷ്ഠാവാനായ ഒരു ഈശ്വരവിശ്വാസിയായിരുന്നു. സർവ്വജ്ഞനും സർവ്വശക്തിമാനും സർവ്വവ്യാപകനുമായ ഈശ്വരനിൽ അദ്ദേഹത്തിന് ഉറച്ച വിശ്വാസമുണ്ടായിരുന്നു. ആറുവർഷത്തെനീണ്ട മൗനത്തിനുശേഷം കാദിയാനി വിഭാഗക്കാരുടെ മതനേതാവായിരുന്ന കാദിയാനി നബി 1893 ൽ ലേഖ്റാമിന്റെ മരണത്തേക്കുറിച്ചുള്ള ഒരു പ്രവചനം പ്രസിദ്ധീകരിക്കാനൊരുങ്ങി. അതിനുമറുപടിയെന്നോണം 'കാദിയാനി മസീഹ്' എന്ന പേരിൽ ലേഖ്റാം ഒരു ലേഖനമെഴുതി പ്രസിദ്ധീകരിച്ചു. ലേഖ്റാം അതിൽ ഇങ്ങനെയെഴുതി.

"വായനക്കാരെ! ഇതെന്നെ വധിക്കാനും വിഷം മുതലായവയാൽ അപായപ്പെടുത്താനുമുള്ള ഗൂഢാലോചനയല്ലേ?" തുടർന്നദ്ദേഹം എഴുതുന്നു "ശത്രു പ്രബലനാണെങ്കിൽ രക്ഷകനായ പ്രഭു അയാളേക്കാളും ബലവാനാണ്." ഇതായിരുന്നു അദ്ദേഹത്തിന്റെ ഉറച്ച വിശ്വാസം.

ഒരിക്കൽ ഒരു മുസ്ലീംയുവാവ് ശാസ്ത്രവും ഇസ്ലാമും എന്നവിഷയത്തെ അധികരിച്ച് ഒരു പ്രഭാഷണം നടത്തി. പണ്ഡിറ്റ് ലേഖ്റാം അതിന് ഒരു മറുപടി നൽകി. എന്നാൽ ആ യുവാവ് ലേഖ്റാമിന്റെ വാദത്തെ തങ്ങളുടെ ഒരു സഭയിൽവെച്ച് ഖണ്ഡിച്ചു. ലേഖ്റാമും ആ പ്രസംഗം കേൾക്കാൻ അവിടെയെത്തിരുന്നു. പ്രസംഗത്തിനുശേഷം ലേഖ്റാം ആ മുസ്ലീം യുവാവിനോട് തന്റെ ഒരു പ്രഭാഷണം അടുത്തദിവസം നടക്കുന്നുവെന്നും അത് കേൾക്കാനദ്ദേഹത്തെ ക്ഷണിക്കുകയും ചെയ്തു. ഏതാനും മുസ്ലീം സുഹൃത്തുക്കളോടൊപ്പം ലേഖ്റാമിന്റെ പ്രസംഗം കേൾക്കാനയാൾ എത്തി. പ്രമാണങ്ങൾ ഉയർത്തിക്കാട്ടികൊണ്ട് ലേഖ്റാം തന്റെ പ്രഭാഷണമാരംഭിച്ചു. ആ വാഗ്ധോരണികേട്ട് മുസ്ലീം സുഹൃത്ത് കോപിഷ്ടനായി പറഞ്ഞു. "നിങ്ങൾ ഈ കഠോര പ്രയോഗങ്ങൾക്ക് ഫലം അനുഭവിക്കും."

(തുടരും)

*സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)*
*ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !*






# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

വൈദിക–ദാർശനിക മാസിക

പുസ്തകം : 7 ലക്കം 8

സൃഷ്ടി സംവത്സരം 1972949120 കലിവർഷം 5120 മാഘ – ഫാൽഗുന
1194 മകരം – കുംഭം 2019 ഫെബ്രുവരി



**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്
**പത്രാധിപർ**
കെ.എം. രാജൻ
**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്
**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| മനുസ്മൃതി | : | 6 |
| പുരാണങ്ങൾ:സത്യവും മിഥ്യയും | : | 7 |
| ദ്രൗപദിയും പഞ്ചപതികളും | : | 8 |
| ജീവിതം ഒരലയാഴി | : | 9 |
| യോഗദർശനം | : | 10 |
| തന്മേമനഃ ശിവസങ്കല്പമസ്തു: | | 11 |
| വ്യവഹാര ഭാനുഃ | : | 12 |
| വേദങ്ങളെ അറിയുക | : | 13 |
| അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം | : | 14 |




**വിലാസം**
ദയാനന്ദ സന്ദേശം, ആര്യസമാജം,
പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,
വെള്ളിനേഴി തപാൽ, പാലക്കാട് – 679 504
Ph:7907077891, 9446017440
Email:dayanandasandesam@gmail. com
Visit us : www.aryasmajkerala.org.in


## മുഖവാണി

## ആരാണ് ഈശ്വരൻ?

(തുടർച്ച)



അദ്ദേഹത്തേക്കാൾ മഹാനായ ഒരാൾ ഇല്ലാ എന്നും ഈ പ്രപഞ്ചത്തിന്റെ നിയന്താവ് അദ്ദേഹമാണെന്നും ഉറപ്പാക്കാം. എല്ലാവസ്തുക്കളും അദ്ദേഹത്തിന്നധീനമായതിനാൽ അദ്ദേഹം സർവ്വേശ്വരനും എല്ലാവരുടേയും സ്വാമിയുമാണ്. ഈശ്വരൻ സർവ്വവ്യാപകനാണെന്ന് പറയുന്നതിന്റെ സാംഗത്യം ഈ ബ്രഹ്മാണ്ഡത്തിൽ അദ്ദേഹമില്ലാത്ത ഒരു സ്ഥാനവുമില്ലായെന്നാണ്. തൂണിലും തുരുമ്പിലും അദ്ദേഹം നിലകൊള്ളുന്നു. എല്ലാ വസ്തുക്കളിലും വ്യാപിച്ചിരിക്കുന്നതിനാൽ അദ്ദേഹം നമ്മുടെ മനസ്സിലെ കാര്യങ്ങളും അറിയുന്നു. അതിനാലദ്ദേഹത്തെ അന്തര്യാമി എന്നും പറയുന്നു. നമ്മുടെ മനസ്സിലുദിക്കുന്ന ഓരോ ചിന്തകളും കാര്യങ്ങളും അദ്ദേഹം മനസ്സിലാക്കുന്നു. എന്നും വർത്തമാനകാലത്തിൽ വർത്തിക്കുന്നതിനാൽ അദ്ദേഹത്തിന്

*അഗ്നിനാഗ്നിഃ സമിധ്യതെ (സാമം 944)*
*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

വാർദ്ധ്യക്യമോ പഴക്കമോ ഉണ്ടാവുന്നില്ല. ഒരിക്കലും മരിക്കാത്തവനായതിനാൽ അദ്ദേഹം അമരനെന്നറിയപ്പെടുന്നു.

ഈശ്വരൻ ഏറ്റവും ബൃഹത്തും എല്ലാം അറിയുന്നവനും സർവ്വശക്തിമാനും എല്ലാറ്റിനേയും നിർമ്മിക്കുന്നവനും ആകയാൽ അദ്ദേഹത്തിന് ആരേയാണ് ഭയമുണ്ടാവുക? അതിനാൽ അദ്ദേഹം ഭയരഹിതൻ അഥവ അഭയനാണ്. എല്ലായ്പ്പോഴും വർത്തിക്കുന്നവനായതിനാൽ അദ്ദേഹം നിത്യനാണ്. സ്വയം പാപകർമ്മങ്ങൾ ഒന്നും ചെയ്യാത്തവനും ദുർഗുണങ്ങൾ ഇല്ലാത്തവനുമായതിനാൽ അദ്ദേഹം പവിത്രനാണ്.

ഈശ്വരൻ സൃഷ്ടികർത്താവാണ്. അദ്ദേഹത്തിന് മാത്രമേ സൃഷ്ടിരചന നടത്താനാവൂ. ലോകത്തിൽ താൻ ഈശ്വരനാണെന്ന് അവകാശപ്പെടുന്ന നിരവധി പേരെ നമുക്ക് കാണാനാകും. അവർ അഹം ബ്രഹ്മാസ്മി, സോഽഹം എന്നൊക്കെ പറഞ്ഞ് ജനങ്ങളെ ആശയക്കുഴപ്പത്തിലാക്കുന്നു. എന്നാൽ ഒരു നാൾ അവർ സ്വയം ഈ ലോകത്തുനിന്ന് മരണത്തിനടിപ്പെട്ട് പോകുന്നതുകാണാം. ഈ ലോകത്തിൽ ജനിച്ച് മരിക്കുന്ന വ്യക്തി ബ്രഹ്മമാവുന്നതെങ്ങനെ? അത്തരത്തിൽ ബ്രഹ്മമെന്നവകാശപ്പെടുന്നവർക്ക് ഈ പ്രപഞ്ചത്തിൽ ഒരു ചെറിയ വസ്തുവിന്റെ പോലും സൃഷ്ടിനടത്താനാവുന്നില്ല. ഇത്തരത്തിൽ സ്വയം ദൈവമാണെന്നവകാശപ്പെട്ട് തന്റെ പാദപൂജകൾ ഭക്തരെകൊണ്ട് ചെയ്യിപ്പിച്ച പലരും മാരകമായ രോഗങ്ങൾമൂലം മരിക്കുന്നതും കാണാനാവും.

സെമിറ്റിക് മതങ്ങളും ഇന്നു പ്രചാരത്തിലുള്ള ഭാരതത്തിലെ ഏതാനും മതവിഭാഗങ്ങളും ഈശ്വരൻ സർവ്വവ്യാപകനല്ല എന്നും അങ്ങ് ദൂരെ എവിടോയൊ സ്വർഗ്ഗത്തിൽ വസിക്കുന്നവനാണ് എന്നും കരുതുന്നു. ഈശ്വരീയ ജ്ഞാനം പ്രാവാചകരിലൂടേയും ദൂതന്മാരിലൂടേയും ആണ് പ്രകടമായത് എന്നും കരുതുന്നു. ക്രൈസ്തവരും മുഹമ്മദീയരും ഈശ്വരൻ നാലാമത്തേയോ എഴാമത്തേയോ ആകാശത്തിലിരിക്കുന്നവനായി കരുതുന്നു. അതിനാൽ സ്വാഭാവികമായും ആ ജ്ഞാനം ദൂതന്മാർവഴി താഴേക്ക് ഇറക്കികൊണ്ടുവരുന്നതിൽ വിശ്വസിക്കുന്നു. എന്നാൽ ഈശ്വരൻ സർവ്വവ്യാപകനാണെന്നാണ് വേദങ്ങൾ പറയുന്നത്. അതിനാൽ അദ്ദേഹത്തിന് ഒരു ദൂതന്റെ ആവശ്യം വരുന്നില്ല. ഈശ്വരൻ ഏകദേശിയാണെന്ന വിശ്വാസം മൂലമാണ് പ്രവാചകരും ദേവദൂതന്മാരുമെന്നൊക്കെയുള്ള ആശയം ഉടലെടുത്തത്. ഗന്ദേശം ലഭിക്കുക ദൂരത്തുനിന്നാണ്. സമീപത്തുള്ള ഈശ്വരൻ ഒരു സന്ദേശവും അയ്ക്കേണ്ട ആവശ്യമില്ല. ഇതിൽനിന്നും അവതാരവാദം, പ്രവാചകൻ, ദൈവദൂതൻ എന്നീ സങ്കൽപ്പങ്ങൾ ഈശ്വരന്റെ സർവ്വവ്യാപകൻ എന്ന ഗുണത്തിന് യോജിച്ചതല്ല എന്നുവരുന്നു.

**(തുടരും)**

**പത്രാധിപർ**





***(മുൻ ലക്കത്തിന്റെ തുടർച്ച)***

# വേദങ്ങളെ അറിയുക

**ഡോ. വിവേക് ആര്യ**
**തർജ്ജമ: കെ.എം. രാജൻ**

## അദ്ധ്യായം 2 — വേദവും ശൂദ്രനും

**ചോദ്യം 11: ജാതിവ്യത്യാസങ്ങളുടെ തുടക്കം എങ്ങനെയായിരുന്നു? ജാതിവ്യത്യാസങ്ങൾ മൂലം നമുക്കുണ്ടായ ഹാനികൾ എന്തെല്ലാമാണ്?**

**ഉത്തരം:** ഏതാനും ആര്യന്മാർക്ക് തങ്ങളുടെ ജാതി ഉന്നതമാണെന്ന് സ്ഥാപിക്കാനുള്ള അഭിനിവേശം, ചില സമുദായനേതാക്കൾ സ്ഥാപിച്ച സംഘടനകൾ കാലക്രമത്തിൽ പ്രത്യേക ജാതിവിഭാഗമായിത്തീരുക. ഉദാഹരണത്തിന് ലിംഗായത്ത് സമ്പ്രദായം, ബിഷ്ണോയ് സമ്പ്രദായം - എന്നിവയൊക്കെയാണ് ജാതിഭേദമുണ്ടാവാനിടയാക്കിയത്. ജോലി സംബന്ധമായ കാരണങ്ങളാൽ ഗ്വാൾമരെ അഹീർ (ഇടയന്മാർ) എന്നു വിളിച്ചു തുടങ്ങുക, സ്ഥാനവ്യത്യാസങ്ങൾ കാരണം കന്യാകുബ്ജ് ബ്രാഹ്മണരെ കന്നോജ് എന്നറിയപ്പെട്ടു തുടങ്ങുക, പൗരാണികകാലത്ത് ധർമ്മാചാര്യന്മാരുടെ അജ്ഞതയാൽ രാമായണം. മഹാഭാരതം, മനുസ്മൃതി തുടങ്ങിയ ഗ്രന്ഥങ്ങളിൽ കൂട്ടിച്ചേർക്കലുകൾ നടത്തി ജാതിവാദത്തിന് ശക്തിപകർന്നത് എന്നിവയെല്ലാം ഇതിനുള്ള വഴിയൊരുക്കി.

പണ്ടുകാലത്ത് ജാതിവ്യത്യാസം മൂലം സമാജത്തിൽ ഭയാനകമായ കഷ്ടതകൾ ഉണ്ടായി. ഇപ്പോഴത്തെ രൂപത്തിൽ ഇത് തുടർന്നാൽ ഭാവിയിലും നിരവധി പ്രശ്നങ്ങളെ നമുക്കഭിമുഖീകരിക്കേണ്ടിവരും. ജാതിവാദത്തിൽ വിശ്വസിക്കുന്ന വ്യക്തി തന്റെ ജാതിക്കുപുറത്തുള്ളവരുമായി അടുക്കാനോ അവർക്ക് ഗുണമുള്ള കാര്യങ്ങൾ ചെയ്യാനോ തയ്യാറാവില്ല. ഇക്കാരണത്താൽ സമാജത്തിൽ പരസ്പര ശത്രുതയും അനൈക്യവുമുണ്ടാവും. ആർ.സി.ദത്ത് പറയുന്നു. "ജാതി വ്യവസ്ഥമൂലം ഹിന്ദുസമാജത്തിന് വളരെയധികം ഹാനികൾ ഉണ്ടായിട്ടുണ്ട്. അതിലേറ്റവും മോശമായതും ദുഃഖകരവുമായത് ജനങ്ങളിൽ ഐക്യവും സമഭാവവുമുണ്ടാവുന്നതിനുപകരം വൈരാഗ്യവും അഭിപ്രായവ്യത്യാസങ്ങളും ബലഹീനതയും മരണവും വാസമുറപ്പിച്ചു." (Civilization in Ancient India)

**(തുടരും)**

***ധർമ്മം ചര (തൈ. ഉ. 1.11.1)***
***ധർമ്മാചരണം ചെയ്യൂ !***



*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വ്യവഹാര ഭാനുഃ

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

## മഹാമൂഢന്റെ ലക്ഷണം

**പ്രി**യദാസ് എന്ന ആചാര്യനിൽനിന്നും ഭഗവാൻ ദാസ് എന്ന ശിഷ്യൻ പന്ത്രണ്ടുവർഷത്തോളം വിദ്യയഭ്യസിച്ചു. ഒരുനാൾ ശിഷ്യൻ ഗുരുവിനോട് ചോദിച്ചു. "മഹാരാജ്! എനിക്കിതുവരെയായിട്ടും സംസ്കൃതം സംസാരിക്കാൻ കഴിയുന്നില്ല". ഗുരു പറഞ്ഞു. "പഠിക്കുന്നതുകൊണ്ടും പഠിപ്പിക്കുന്നതുകൊണ്ടുമൊന്നും വിദ്യ നേടില്ല. ഗുരുവിന്റ കൃപയുണ്ടെങ്കിൽ മാത്രമേ അത് നേടാനാവു. ഗുരു പ്രസാദിച്ചു കഴിഞ്ഞാൽ താക്കോൽകൊണ്ട് പൂട്ട് തുറന്നാൽ കെട്ടിടത്തിനുള്ളിലെ എല്ലാ വസ്തുക്കളും കാണാൻ കഴിയുന്നതുപോലെയുള്ള ഒരു യുക്തി പറഞ്ഞുതരും. അപ്പോൾ ഹൃദയകവാടം തുറക്കപ്പെട്ട് എല്ലാ പദാർത്ഥവിദ്യകളും തൽക്ഷണം നേടാം. കേട്ടാലും ! സംസ്കൃതം സംസാരിക്കാൻ സഹജമായ ഒരു യുക്തിയുണ്ട് ".

**ഭഗവാൻ ദാസ്** : മഹാരാജ് ജി! അതെന്താണ്?

**ഗുരു** : ലോകത്തിലെ എത്ര ശബ്ദങ്ങൾ സംസ്കൃതത്തിലും നാട്ടുഭാഷയിലുമുണ്ടോ അവയിലെല്ലാം ഒരു അക്ഷരം (അം) കൂട്ടി ചേർത്താൽ അവ ശുദ്ധ സംസ്കൃതമാവും.

**ശിഷ്യൻ** : ശരി, ഗുരോ! അപ്പോൾ ലോട്ടാ, ജലം, റൊട്ടി, പരിപ്പ്, ചോറ് എന്നിവയോട് അം എന്നക്ഷരം കൂട്ടിച്ചേർത്താൽ അതെങ്ങനെ സംസ്കൃതമാവും?

**ഗുരു** : ലോംട്ടാം, ജംലം, റൊംട്ടി, പംരിപ്പം, ചോറം .......

**ശിഷ്യൻ** : അതുകൊള്ളാം! ഇതേപോലെ ക്ഷണമാത്രയിൽ വിദ്യപഠിപ്പിക്കാൻ അങ്ങേക്കല്ലാതെ മറ്റാർക്കു കഴിയും?

ഭഗവാൻ ദാസ് തന്റെ ഇരിപ്പിടത്തിൽ പോയിരുന്ന് ഒരു ശ്ലോകമുണ്ടാക്കി.

**ബാംപം ആംജാം നമംസ്കൃംത്യം പംരം പാംജം തം ഥൈംവംചം** |

**മം യാം ഭംഗംവാം ദാം സേംനം ഗീംതാ ടീംകാം കംരോം ഷ്യം ഹംമ്** ||

അയാൾ കാലത്ത് ഏഴുന്നേറ്റ് സന്തോഷപൂർവ്വം ഗുരുവിന്റെ അടുത്തുചെന്ന് ശ്ലോകം ചൊല്ലി കേൾപ്പിച്ചു. പ്രിയദാസൻ വളരെ പ്രസന്നനായി പറഞ്ഞു. "ശിഷ്യൻമാർ നിന്നേപ്പോലെ ഗുരുവചനത്തിൽ വിശ്വസിക്കുന്നവരാകണം. ഗുരുക്കന്മാർ എന്നേപ്പോലേയും".

(തുടരും)

*തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)*
*ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !*







*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

**അദ്ധ്യായം – 3** **വേദനാംനിത്യത്വ വിചാരഃ**

**സൃ**ഷ്ടിയുടെ പ്രളയമുണ്ടാവുന്ന സമയത്ത് ഈ വേദങ്ങൾ അദ്ദേഹത്തിന്റെ ജ്ഞാനത്തിൽ സദാ വർത്തിക്കുന്നു. അതിനാൽ വേദങ്ങളെ എല്ലായ്പ്പോഴും നിത്യമായി കാണണം. (എന്തെന്നാൽ ആ പരമാത്മാവിന്റെ വിദ്യ എല്ലായ്പ്പോവും ഏകരസമായിരിക്കും).

യഥാ ശാസ്ത്ര പ്രമാണേന വേദാ നിത്യാഃ സന്തീതി നിശ്ച
യോ*f* സ്തി, തഥാ യുക്ത്യാപി | തദ്യഥാ —
നാസത ആത്മലാഭോ, ന സത്ത ആത്മഹാനമ്,
യേ*f* സ്തി സ ഭവിഷ്യതി ('നാസതോ വിദ്യതേഭാവോ നാഭാവോ വിദ്യതേ സതഃ ' ഗീത, അദ്ധ്യായം 1 ശ്ലോകം – 16)

ഇതി ന്യായേന വേദാനാം നിത്യത്വം സ്വീകാര്യമ് | കുതഃ? യസ്യമൂലം നാസ്തി, നൈവതസ്യ ശാഖാദയഃ സംഭവിതു മർഹന്തി, വന്ധ്യാപുത്രവിവാഹ ദർശനവത് | പുത്രോ ഭവേച്ചേത് തദാ വന്ധ്യാത്വം (വൈ.യ അച്ചടിച്ച ഒമ്പതാം പതിപ്പിൽ 'നന സിദ്ധയേത്' ഇതി നഞ്ദ്വയപാഠഃ സംശോധയിതൃപ്രമാദമൂലഃ|) സിദ്ധ്യേത്, സ നാസ്തി ചേത് പുനസ്തസ്യ വിവാഹദർശനേ (വിവാഹസ്തദ് ദർശനം ചേതി ദ്വേ ക്രിയേ) കഥം ഭവതഃ? ഏവമേവാത്രാപി വിചാരണീയമ്|യദീശ്വരേവിദ്യാ *f* നന്തോ ന ഭവേത്, കഥമുപദിശേത്? സഃ നോപദിശേച്ചേന്നൈവ കസ്യാപി മനുഷ്യസ്യവിദ്യാസംബന്ധോ ദർശനം ച സ്യാതമ്, നിർമൂലസ്യ പ്രരോഹാഭാവാത്| നഹ്യസ്മിൻ ജഗതി നിർമൂലമുൽപ്പന്നം കിംചിദ് ദൃശ്യതെ |

യസ്യ സർവ്വേഷാം മനുഷ്യാണാം സാക്ഷാദനുഭവോ*f* സ്തി, സോ*f* ത്ര പ്രകാശയതെ – യസ്യ പ്രത്യക്ഷോനുഭവസ്തസ്യൈവ സംസ്കാരോ, യസ്യ സംസ്കാരസ്തസ്യൈവസ്മരണം ജ്ഞാനം, തേനൈവ പ്രവൃത്തി നിവൃത്തി ഭവതോ, നാന്യഥേതി | തദ്യഥാ – യേന സംസ്കൃതഭാഷാ പഠ്യതേ, തസ്യാസ്യാ ഏവ സംസ്കാരോ ഭവതി, നാ*f* ന്യസ്യാഃ|യേ*f*ന ദേശഭാഷ*f* ധീയതെ, (തസ്യ) തസ്യാ ഏവ സംസ്കാരോ ഭവതി, നാതോ*f* ന്യസ്യാഃ (വൈ. യ അച്ചടിച്ചതിൽ നാതോ*f* ന്യഥാ ഇത്യപാഠഃ| പൂർവ്വവാക്യാനുരോധാത് ഭാഷാനുരോധാച്ചാസ്മിന്നിർദ്ദിഷ്ടഃ പാഠ ഏവ സാധുഃ|)

(തുടരും)

*ഭദ്രാ രാതിഃ (സാമം 111)*
*പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ*



# മനുസ്മൃതി

ഡോ. സുരേന്ദ്രകുമാർ
തർജ്ജമ: കെ.എം.രാജൻ

**ആ**നവരുടെ ആദ്യത്തെ ധർമ്മശാസ്ത്രം അഥവാ ഭരണഘടന എന്നറിയപ്പെടുന്ന മനുസ്മൃതി അതിലെ കാലാകാലങ്ങളിൽ തത്പരകക്ഷികൾ കൂട്ടിച്ചേർത്ത വ്യാജശ്ലോകങ്ങൾ മാറ്റിനിർത്തിയാൽ പ്രാമാണികമായ ആർഷഗ്രന്ഥമായാണ് മഹർഷി ദയാനന്ദൻ ഗണിക്കുന്നത്. ഇന്ന് ഏറെ ചർച്ചചെയ്യപ്പെടുന്ന ഈ ഗ്രന്ഥം ജാതിവ്യവസ്ഥകൾക്കും ഊച്ചനീചത്വങ്ങൾക്കും കാരണമായി എന്നാണ് ചിലർ പ്രചരിപ്പിക്കുന്നത്. മനുസ്മൃതി വായിച്ചിട്ടുപോലുമുണ്ടാകാനിടയില്ലാത്ത ഇവർ അത് കത്തിക്കാനാഹ്വാനം നൽകുന്നുണ്ട്. ഈ അവസരത്തിൽ മനുസ്മൃതിയെ ആധികാരികമായി പഠിച്ച് വർഷങ്ങളോളം ഗവേഷണം നടത്തി അതിലെ പ്രക്ഷിപ്ത ശ്ലോകങ്ങളെ ശാസ്ത്രീയമായി വേർതിരിച്ച് യഥാർത്ഥമായ മനുവിന്റെ ധർമ്മശാസ്ത്രത്തെ സാധാരണക്കാരിലെത്തിക്കാൻ ആര്യസമാജത്തിലെ ഉന്നത പണ്ഡിതനായ ഡോ.സുരേന്ദ്രകുമാർ ഹിന്ദിയിൽ തയ്യാറാക്കിയ ഈ ഗ്രന്ഥത്തിന്റെ മലയാള തർജ്ജമയാണിത്. ഉടൻതന്നെ പുസ്തകരൂപത്തിൽ ഇറക്കാനുദ്ദേശിക്കുന്ന ഈ ഗ്രന്ഥത്തിന്റെ ഏതാനും ഭാഗങ്ങൾ ദയാനന്ദ സന്ദേശത്തിലൂടെ പ്രസിദ്ധീകരിക്കുകയാണ്.

– പത്രാധിപർ)

## മുഖവുര

മനുസ്മൃതിയുടെ പരിഷ്കരിച്ച കമ്പ്യൂട്ടർവൽക്കരിച്ച പുതിയ പതിപ്പാണ് നിങ്ങളുടെ കൈകളിൽ ഇപ്പോൾ എത്തിയിരിക്കുന്നത്. ഒന്നാം പതിപ്പ് വളരെ പെട്ടെന്ന് പ്രകാശിപ്പിച്ചു. പ്രകാശനത്തോടൊപ്പം തന്നെ അതിന്റെ അവസാനവട്ട പരിശോധനയും നടന്നിരുന്നു. ഭൂമിക ആദ്യം അച്ചടിച്ചു. പ്രക്ഷിപ്തങ്ങളുടെ പരിശോധന പിന്നീടാണ് നടന്നത്. ഇത്തരം ചില കാരണങ്ങളാൽ ഒന്നാം പതിപ്പിൽ ഏതാനും കുറവുകൾ വന്നിരുന്നു. അതിൽ ഖേദിയ്ക്കുന്നു. ഈ പതിപ്പിൽ ആ കുറവുകൾ പരിഹരിച്ചിട്ടുണ്ട്. മാത്രവുമല്ല, വായനക്കാർക്കുവേണ്ടി വളരെ പുതിയ വസ്തുതകളും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഭൂമികയിൽ മനുവിനേക്കുറിച്ചും മനുസ്മൃതിയേക്കുറിച്ചുമുള്ള പുതിയ വിഷയങ്ങളെക്കുറിച്ചും ചിന്തിച്ചതിന്റെ ഫലമായി ഒരു നവീനകാഴ്ചപ്പാടിലൂടെ നിർണ്ണയത്തിലെത്താൻ ശ്രമിച്ചിട്ടുണ്ട്. അക്കാര്യം പൂർത്തീകരിക്കാനുള്ള ഒരു ശ്രമമാണിവിടെ ചെയ്യുന്നത്. വായനക്കാർക്ക് ഈ പതിപ്പ് കൂടുതൽ ഉപകരിക്കും എന്നു കരുതുന്നു.

(തുടരും)

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*





*(മുൻ ലക്കത്തിന്റെ തുടർച്ച)*



# തൻമേ മനഃ ശിവസങ്കല്പമസ്തു

ഡോ.സത്യദേവ് ആര്യ
തർജ്ജമ: കെ.കെ.ജയൻ

## മനസ്സിന്റെ മഹിമ

**ഇ**വ യഥാക്രമം സത്വം (+ve) രജസ് (-ve) തമസ് (ശൂന്യം {0}) എന്നീ വൈദ്യുത ബലത്തോടുകൂടിയവയാണ്. സാമ്യാവസ്ഥയിൽ ഈ ബലം അന്തർമുഖവും ജാഗ്രത് അവസ്ഥയിൽ ബഹിർ മുഖവും ആകുന്നു.



ചിത്രം – 1

സാമ്യാവസ്ഥ ജാഗ്രത് അവസ്ഥ

പ്രകൃതിയുടെ ജാഗ്രത് അവസ്ഥയിൽനിന്നും മഹത്തത്വമുണ്ടാകുന്നു. അതായത് പരമാണുക്കളുടെ ഒരു വിശാല തരംഗം രൂപപ്പെടുന്നു. (തതഃ സമുദ്രോ അർണവഃ) മഹത് തത്വത്തിൽ നിന്നും അഹങ്കാരം ഉണ്ടായി.

അതായത് പരമാണുക്കൾ സ്വന്തം സ്വരൂപങ്ങളിൽ ഉടലെടുക്കുന്നു. അഹങ്കാരത്തിൽനിന്നും പഞ്ചതന്മാത്രകളുണ്ടായി. തന്മാത്രയെന്നാൽ തത്+മാത്ര അതായത് സ്ഥൂലമോ സൂക്ഷ്മമോ അല്ലാത്ത അവസ്ഥ. അതിൽനിന്നും ഭൂതപിണ്ഡങ്ങൾ രൂപപ്പെട്ടു. സമുദ്രാത് അർണവാദധി സംവത്സരോ അജായത. പരമാണുക്കളുടെ സമുദ്രത്തിൽനിന്നും സംവത്സരമുണ്ടായി. സംവത്സരമെന്നാൽ സൂര്യൻ. സംവത് + സരഃ =പ്രകാശമാൻ + അപ്രകാശമാൻ = സൂര്യൻ, സൂര്യന്റെ പ്രകാശമാനമായ ഭാഗത്തെ സംവത് എന്നും അപ്രകാശമാനമായ ഭാഗത്തെ (Black spots) സരമെന്നും പറയുന്നു. ശതപഥബ്രാഹ്മണത്തിൽ ഇങ്ങനെ വർണ്ണിച്ചിരിക്കുന്നു. "യദ് വിഭാതി തത് സംവത് യത് ന വിഭാതി തത്സരഃ" യാതൊന്നാണോ പ്രകാശിക്കുന്നത് അത് സംവത് യാതൊന്നാണോ പ്രകാശിക്കാത്തത് അത് തത്സരം എന്നർത്ഥം.

(തുടരും)

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*

(മുൻ ലക്കത്തിന്റെ തുടർച്ച)



# യോഗദർശനം

## (മഹർഷി വ്യാസഭാഷ്യസഹിതം)

സ്വാമി സത്യപതി പരിവ്രാജക്
തർജ്ജമ : കെ.എം. രാജൻ

## സ്പഷ്ടീകരണം

മഹർഷി പതഞ്ജലി തുടങ്ങിയ ഋഷിമാരുടെ കാഴ്ചപ്പാടുകൾക്ക് വിരുദ്ധമായി പുതിയതായൊന്നും ഉണ്ടാക്കാൻ എനിക്ക് ലേശമാത്രംപോലും താൽപര്യമില്ല. മഹർഷി പതഞ്ജലിയുടെ യോഗദർശനവും അതിന് മഹർഷി വ്യാസൻ എഴുതിയ ഭാഷ്യത്തേയും മഹർഷി ദയാനന്ദസരസ്വതി സത്യാർത്ഥ പ്രകാശത്തിന്റെ മൂന്നാം സമുല്ലാസത്തിൽ സത്യാസത്യനിർണ്ണയത്തിനായുള്ള അഞ്ചുപരീക്ഷകളേയും ആധാരമാക്കിയാണ് 'യോഗാർത്ഥപ്രകാശം' എന്ന ഈ ഭാഷ്യം ഞാൻ എഴുതിയിരിക്കുന്നത്.

ഈ ഗ്രന്ഥത്തിൽ ആദ്യം പാതഞ്ജല സൂത്രവും തുടർന്ന് സൂത്രത്തിന്റെ ശബ്ദാർത്ഥവും പിന്നീട് വ്യാസഭാഷ്യവും അതിന്റെ ആര്യഭാഷ (ഹിന്ദി)യിലുള്ള തർജ്ജമയും കൊടുത്തതിനുശേഷമാണ് യോഗർത്ഥ പ്രകാശത്തിന്റെ ക്രമം കൊടുത്തിരിക്കുന്നത്.

ഗ്രന്ഥത്തിന്റെ പ്രാരംഭത്തിൽ കൊടുത്ത വിശദമായ വിഷയസൂചികയിൽ യോഗാർത്ഥപ്രകാശത്തിന്റെ വിഷയങ്ങളെ സമാവേശിപ്പിച്ചിട്ടുണ്ട്.

അൽപ്പജ്ഞതയും അശ്രദ്ധയും മൂലം ഈ ഭാഷ്യത്തിൽ വല്ല കുറവും ഉള്ളതായി ആരെങ്കിലും പക്ഷപാതരഹിതമായി പ്രമാണസഹിതം ശ്രദ്ധയിൽപെടുത്തിയാൽ അവയെ സ്വീകരിക്കുന്നതും അടുത്ത പതിപ്പിൽ അത്തരം കുറവുകൾ നികത്തുകയും ചെയ്യുന്നതാണ്.

## കൃതജ്ഞതയും നന്ദിപ്രകാശനവും

ആദ്യമായി സർവ്വവ്യാപകനും സച്ചിദാനന്ദസ്വരൂപനുമായ ഈശ്വരനോട് കൃതജ്ഞത വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. എന്തെന്നാൽ അദ്ദേഹത്തിൽനിന്നും ലഭിച്ച ജ്ഞാനം, ബലം, സാമർത്ഥ്യം എന്നിവയാലാണ് ഈ ശുഭമംഗളകാരിയായ കാര്യം പൂർത്തീകരിക്കാനായത്.

ഈ ഗ്രന്ഥരചനയിൽ മഹർഷി വ്യാസന്റെ ഭാഷ്യത്തോടൊപ്പം ഈശ്വരപ്രദത്തമായ വേദജ്ഞാനം, ഋഷികൃതമായ അന്യഗ്രന്ഥങ്ങൾ, യോഗദർശനത്തിന് നിരവധി പണ്ഡിതർ എഴുതിയ ഭാഷ്യങ്ങൾ എന്നിവയുടെ സഹായവും പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

വടലൂർ ആർഷഗുരുകുലത്തിലെ(ആന്ധ്രപ്രദേശ്) ശ്രീ.ആചാര്യവേദപ്രകാശ് ജി മീമാംസക് ഈ ഭാഷ്യമെഴുതാൻ വളരെ സഹകരിച്ചിട്ടുണ്ട്.

(തുടരും)

***ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)***
***അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും***





(മുൻ ലക്കത്തിന്റെ തുടർച്ച)



# പുരാണങ്ങൾ; സത്യവും മിഥ്യയും

കെ. എം. രാജൻ

**അദ്ധ്യായം 2** — **പുരാണങ്ങളുടെ സംക്ഷിപ്ത പരിചയം**

### 13. സ്കന്ദപുരാണം

പുരാണങ്ങളിൽവെച്ച് ഏറ്റവും ബൃഹത്തായതായികരുതുന്ന ഈ പുരാണത്തിൽ 81000 ശ്ലോകങ്ങളുണ്ട്. ഏഴുഖണ്ഡങ്ങളായി ഇതിനെ വിഭജിച്ചിരിക്കുന്നു. മാഹേശ്വരഖണ്ഡം, വൈഷ്ണവഖണ്ഡം, ബ്രഹ്മഖണ്ഡം, കാശീഖണ്ഡം, രേഖാഖണ്ഡം അഥവാ ആവന്ത്യഖണ്ഡം, താപ്തിഖണ്ഡം അഥവാ നാഗരഖണ്ഡം, പ്രഭാസഖണ്ഡം എന്നിവയാണിവ.

മറ്റൊരുതരത്തിൽ സംഹിതകൾ എന്ന പേരിൽ ആറായി ഈ പുരാണത്തെ വിഭജിച്ചതായി പറയുന്നു. അവയുടെ പേരും ശ്ലോകസംഖ്യയും ഇപ്രകാരമാണെന്ന് പറയപ്പെടുന്നു.

| | സംഹിത | ശ്ലോക സംഖ്യ |
|---|---|---|
| 1. | സനത്കുമാര സംഹിത | 36000 |
| 2. | സൂതസംഹിത | 6000 |
| 3. | ശങ്കര സംഹിത | 30000 |
| 4. | വൈഷ്ണവ സംഹിത | 5000 |
| 5. | ബ്രാഹ്മസംഹിത | 3000 |
| 6. | സൗര സംഹിത | 1000 |
| | ആകെ | 81000 |

ചില പണ്ഡിതരുടെ അഭിപ്രായമനുസരിച്ച് സ്കന്ദപുരാണമെന്ന ഉപപുരാണത്തിലേതാണ് ഈ വിഭജനമെന്നാണ്. ആദ്യം പറഞ്ഞ വിഭജനത്തിലെ ഏതാനും ഖണ്ഡങ്ങളെക്കുറിച്ച് വിവരിക്കാം.

### 1. മാഹേശ്വരഖണ്ഡം

ഭഗവാൻ ശിവന്റെ ലീലകൾ വിവരിക്കുന്ന ഈ ഖണ്ഡം മൂന്ന് ഉപഖണ്ഡങ്ങളായി വിഭജിച്ചിരിക്കുന്നു. കേദാരഖണ്ഡം, കുമാരികാ ഖണ്ഡം, അരുണാചല മാഹാത്മ്യഖണ്ഡം എന്നിവയാണിവ.

(തുടരും)

***മാ സ്രോധത (ഋഗ്വേദം 6.32.9)***
***ഹിംസ ചെയ്യാതിരിക്കൂ***



*(മുൻലക്കത്തിന്റെ തുടർച്ച)*

# ദ്രൗപദിയും പഞ്ചപതികളും

**അമർസ്വാമി സരസ്വതി**
**തർജ്ജമ: കെ.എം.രാജൻ**

**ദ്രൗ**പദി അഞ്ചുഭർത്താക്കന്മാരുടെ പത്നിയായിത്തീരുക അഥവാ പഞ്ചപാണ്ഡവരുടേയും പത്നിയായിത്തീരുക എന്നതിന് ഞാൻ ഒരിക്കലും സമ്മതം നൽകില്ല.

**ന മേ വാഗനൃതം പ്രാഹ ന ധർമ്മോ ധീയതെ മതിഃ|**
**വർത്തതെ ഹി മനോ മേ$f$ത്ര നൈഷോ$f$ധർമ്മഃ കഥംചന||**

(മഹാഭാരതം ആദിപർവ്വം അദ്ധ്യായം 195 ശ്ലോകം 13)

**ഭാവാർത്ഥം:** അപ്പോൾ യുധിഷ്ഠരൻ പറഞ്ഞു. എന്റെ വാണി ഒരിക്കലും അസത്യം പറയില്ല. എന്റെ ബുദ്ധി ഒരിക്കലും അധർമ്മത്തിൽ നിൽക്കില്ല. ഈ വിവാഹത്തെക്കുറിച്ച് എന്റെ അഭിപ്രായമിതാണ്. അതിനാലത് അധർമ്മമല്ല.

### രണ്ടാമത്തെ അസത്യം

**ശ്രൂയതേ ഹി പുരാണോ പി ജടിലാ നാമ ഗൗതമി|**
**ഋഷീനധ്യാസിതവതീ സപ്ത ധർമ്മഭൃതാം വരാ||**

(മഹാഭാരതം ആദിപർവ്വം അദ്ധ്യായം 195 ശ്ലോകം 14)

**ഭാവാർത്ഥം:** ഗൗതമ ഗോത്രത്തിലെ ജടിലാ എന്നു പേരായ കന്യക ഒരേ സമയം ഏഴു ഋഷിമാരെ വിവാഹം കഴിച്ചു എന്ന് പുരാണങ്ങളിൽ പറഞ്ഞു കേട്ടിട്ടുണ്ട്.

### മൂന്നാമത്തെ അസത്യം

**തഥൈവ മുനിജാ വാക്ഷീർ തപോഭിഭാംബിതാത്മനഃ|**
**സംഗതാഭൂദ ദശ ഭ്രാതൃനേകനാമ്നഃ പ്രചേതസഃ||**
**ഗുരോർഹി വചനം പ്രാഹുർധർമ്യം ധർമ്മജ്ഞ സത്തസ |**
**ഗുരുണാം ചൈവ സർവ്വേഷാം മാതാ പരമകോ ഗുരു||**
**സാചാപ്യുക്തവതീ വാചം ഭൈക്ഷവദ് ഭുജ്ജ്യതാമിതി|**
**തസ്മാദേതഹം മന്യേ പരംധർമ്മദ്വിജോത്തമ ||**

(മഹാഭാരതം ആദിപർവ്വം അദ്ധ്യായം 195 ശ്ലോകം 15, 16,17)

**ഭാവാർത്ഥം:** ഇപ്രകാരം വാർക്ഷി എന്നൂപേരായ കന്യക പത്തു പ്രചേതസുകളെ വിവാഹം കഴിച്ചു. ഞങ്ങളുടെ അമ്മയും ഇവളെ (ദ്രൗപദിയേ) ഞങ്ങളഞ്ചു സഹോദരരും ചേർന്ന് ഉപഭോഗിച്ചാലും എന്നു പറഞ്ഞു. അങ്ങനെ ഞങ്ങളെല്ലാവരും ചേർന്ന് അവളെ വിവാഹം കഴിച്ചാലത് അധർമ്മമാവില്ല.

**(തുടരും)**

*യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)*
***ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ***





*(മുൻലക്കത്തിന്റെ തുടർച്ച)*

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അദ്ധ്യായം –5



**ആ** മഹാനഗരത്തിന് രാമകൃഷ്ണന്റെ അനുഭവ ദൃഷ്ടിയിൽ ഒരു പഞ്ചായത്തിന്റെ വലിപ്പമേയുള്ളു. അയാൾ അഫ്ഗാനിസ്ഥാനിൽ (അപഗണനഥാൻ) ഉള്ള ഭാരതത്തിന്റെ പൗരാണികാതിർത്തിയായ ഹിന്ദുക്കുഷ്പർവ്വതനിരകളുടെ താഴ്വാര പ്രദേശമായ പാമീർ പീഠഭൂമി മുതൽ ലോകനഗാധിരാജനും ആഗോള നട്ടെല്ലുമായ ഹിമാലയത്തിന്റെ ഉത്തുംഗ നിരകളുടെ തലസ്ഥാനനഗരിയായ കൈലാസംവരെ കാൽനടയായി സഞ്ചരിച്ച് സമ്യക്കാകും വണ്ണം നടന്ന് അറിഞ്ഞതാണ്. അനുഭൂതിസാഗരസമക്ഷം നാം പറയുന്ന ഈ മഹാനഗരം ദക്ഷിണ ഹൈദരാബാദ് നഗരത്തിലെ ഉസ്മാൻ സാഗരമെന്നു പറയുന്ന ഒരു തടാകസമാനമല്ലേ!

അവർ ടെലിഫോൺ ബൂത്തിലെത്തി. പാച്ചന്റെ കയ്യിലുണ്ടായിരുന്ന നമ്പറെടുത്ത് സ്വാമിക്ക് ഫോൺ ചെയ്തു ബെൽ ശബ്ദിച്ചു. റിസീവർ രാമകൃഷ്ണൻ പാച്ചന്റെ കയ്യിൽ കൊടുത്തു.

“ഹലോ ആരാ? ” സ്വാമിയുടെ ശബ്ദം.

“ഇതു പാച്ചനാണ്. ബോംബേയിൽ നിന്ന് ”പാച്ചൻ സ്വയം പരിചയപ്പെടുത്തി.

“എന്താ, വിശേഷം വല്ലതുമുണ്ടോ?” ലേശമൊരു ആശങ്കയോടെയായിരുന്നു സ്വാമിയുടെ ചോദ്യം.

“ഇല്ല്യ, ആപത്തൊന്നുമില്ല്യ, എനിക്ക് പഠിച്ച് ഭാവി നന്നാക്കാനുള്ള ഒരു പിടിവള്ളി ഞാനഗ്രഹിച്ചതുപോലെ തന്നെ കിട്ടിയിരിക്കുന്നു. ആര്യസമാജത്തിന്റെ ഗുരുകുലത്തിൽ സൗജന്യമായി താമസിച്ചു പഠിക്കാനുള്ള സൗകര്യം കിട്ടിയിരിക്കുന്നു. പക്ഷെ, അങ്ങ് വരാതെ ഞാനെങ്ങനെ പോവും? പോയാൽ ഞാനിശ്വരന്റെ മുന്നിൽ വഞ്ചകനാവില്ലേ? താക്കോൽ എന്റെ പക്കലല്ലേ? അതിനാൽ ത്രിശങ്കുവിലായിരിക്കുകയാണ് ഞാനിപ്പോൾ. എന്തു ചെയ്യണമെന്നറിയില്ല. അങ്ങെന്നാണ് മടങ്ങുക? എന്നറിയാൻ വേണ്ടി വിളിച്ചതാണ്. അങ്ങ് നിർദ്ദേശിക്കും പോലെ ചെയ്യാം.“ പാച്ചൻ സത്യസന്ധതയോടെ കാര്യങ്ങൾ വിവരിച്ചു.

**(തുടരും)**

*യന്തി പ്രമാദമതന്ദ്രാഃ (സാമം 721)*
***ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു***